പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3323 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ഇന്ധന ചെലവ്

**ചോദ്യം**

ശ്രീ. റ്റി.വി.രാജേഷ്
" പുരുഷൻ കടലുണ്ടി
" രാജു എബ്രഹാം
" എസ്. രാജേന്ദ്രൻ

**ഉത്തരം**

എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ ചെലവിനത്തിലെ ഏറ്റവും കൂടിയ ഇനമായ ഇന്ധന ചെലവ് കുറയ്ക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമായിരുന്നു; | (എ) | ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടാതെ Fuel cell വീണ്ടും രൂപീകരിച്ച് കേരളം ഒട്ടാകെ ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നടത്തിവരുന്നു. ഇതു കൂടാതെ Fuel card നടപ്പിലാക്കുകയും ഇതു പ്രകാരം ഡ്രൈവർമാരെ ബോധവത്കരിക്കുകയും ഉയർന്ന കെ.എം.പി.എൽ കൈവരിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി പ്രതിദിന ഇൻസെന്റീവായി 100/- രൂപ നല്കിവരികയും ചെയ്യുന്നു. Petroleum Conservation Research Association (PCRA)-ന്റെ ആഭിമുഖ്യത്തിലും വാഹന നിർമ്മാതാക്കളായ അശോക് ലൈലാന്റ്, ടാറ്റാ മോട്ടോഴ്സ്, വി.ഇ. കോമേഴ്സ്യൽ വെഹിക്കിൾസ്, വോൾവോ, സ്കാനിയ എന്നിവയുടെ സഹകരണത്തോടെയും പരിശീലന പരിപാടികൾ നല്കിവരുന്നുണ്ട്. |
| (ബി) | ബസുകൾ സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിനായി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി ; ജർമ്മൻ കമ്പനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം സി.എൻ.ജി. ബസു | (ബി) | കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്ചറൽ ഗ്യാസിലേക്ക് (CNG) മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ |

| | | | |
|---|---|---|---|
| | കൾ നിരത്തിലിറങ്ങിത്തുടങ്ങിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | | ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും തേവരയിലും, തിരുവനന്തപുരം ആനയറയിലും കൊല്ലത്തും, കണ്ണൂരിലും തൃശ്ശൂരിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങികഴിഞ്ഞു. 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനും നടപ്പുവർഷത്തിൽ സി.എൻ.ജി. ബസുകൾ വാങ്ങുന്നതിനായി 50 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ബസുകൾ സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് ജർമ്മൻ കമ്പനിയുമായി കരാർ ഉണ്ടാക്കിയിട്ടില്ല. |
| (സി) | ഇത്തരം ബസുകളുടെ വില മറ്റ് ബസുകളുടെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ അധികമുണ്ടോ; ഇത് കെ.യു.ആർ.ടി.സി.യ്ക്ക് അധിക ബാധ്യതയാകാതെ ഇന്ധനക്ഷമതയുടെ വ്യത്യാസം വഴി നികത്താൻ സാധിക്കുന്നതാണോ എന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്.<br>സി.എൻ.ജി. ബസുകൾക്ക് മറ്റ് ബസുകളുടെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ വില അധികമായി വരും. ബസുകൾ നിരത്തിലിറക്കുന്നത് കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലാണ്. ഇന്ധന ചെലവിൽ ലാഭം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ കേരളത്തിൽ ലഭ്യമാകുന്ന സി.എൻ.ജി.യുടെ വില അറിഞ്ഞാൽ മാത്രമേ ഇത് കൃത്യമായി പറയുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ